# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ:803 17.07.2014 - ൽ മറുപടിക്ക്

## വാട്ടർ കണക്ഷനുള്ള അപേക്ഷാനടപടികൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുരളീധരൻ<br>ശ്രീ. ലൂഡി ലൂയിസ്<br>ശ്രീ. എം.എ.വാഹീദ്<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. പി ജെ. ജോസഫ്<br>(ജലവിഭവ വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) വാട്ടർ അതോറിറ്റിയിൽ വാട്ടർ കണക്ഷനുള്ള അപേക്ഷാനടപടികൾ ലഘൂകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) ഗാർഹിക വാട്ടർ കണക്ഷനുള്ള നടപടികൾ ലഘൂകരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 01/08/2013-മുതൽ നിലവിൽ വന്ന ലഘൂകരിച്ച നടപടിക്രമം താഴെ പറയുന്നു.<br><br>ഗാർഹിക വാട്ടർ കണക്ഷൻ നൽകുവാനുള്ള അധികാരം അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറിൽ നിന്നും അസിസ്റ്റന്റ് എഞ്ചിനീയറിലേക്ക് മാറ്റി. നേരിട്ടോ, ഓൺലൈൻ വഴിയോ വാട്ടർ അതോറിറ്റി ലൈസൻസ് ഉള്ള പ്ലംബർ മുഖേനയോ, വാട്ടർ അതോറിറ്റിയിൽ എസ്റ്റിമേറ്റ് സഹിതം അപേക്ഷ സമർപ്പിച്ച് നിശ്ചിത ഫീസടച്ച് വാട്ടർ കണക്ഷൻ എടുക്കാവുന്നതാണ്. ഉടമസ്ഥാവകാശ സർട്ടിഫിക്കറ്റിനു പകരം തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ്, ആധാർ, എൻ.പി.ആർ., റേഷൻ കാർഡ് എന്നിവ പരിഗണിക്കുന്നതാണ്. |
| (ബി) എന്തെല്ലാം ഉദ്ദേശ്യ ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിച്ചത്; വിശദാംശങ്ങൾ നൽകുമോ ; | (ബി) കണക്ഷൻ നൽകുവാനുള്ള കാലതാമസം ഒഴിവാകുന്നു. ഉപഭോക്താവിന് സ്വകാര്യ പ്ലംബറിൽ നിന്നുള്ള അമിത ചാർജിംഗ് ഒഴിവാകുന്നു. കാലതാമസം ഒഴിവാകുന്നതിനാൽ കണക്ഷനുകളുടെ എണ്ണത്തിൽ |

| | | | |
|---|---|---|---|
| | | | വർദ്ധനവുണ്ടാകുന്നു. തൽഫലമായി വരുമാന വർദ്ധനവും ഉണ്ടാകുന്നു. കൂടാതെ ഉപഭോക്താക്കളിൽ നിന്നുളള പരാതികൾ ഗണ്യമായി കുറഞ്ഞിട്ടുണ്ട്. |
| (സി) | വാട്ടർ അതോറിറ്റിയുടെ പ്രവർത്തനക്ഷമത ഇതു മൂലം എത്രത്തോളം വർദ്ധിച്ചിട്ടുണ്ട്; വിശദ മാക്കുമോ ; | (സി) | അപേക്ഷ നൽകുന്നവർക്ക് കണക്ഷൻ ജോലികൾ സമയബന്ധിതമായി ചെയ്തു തീർക്കുവാൻ സാധിക്കുന്നു. അതു വഴി കൂടുതൽ ജനങ്ങൾക്ക് ശുദ്ധജലം ലഭ്യമാക്കുവാനും സാധിക്കുന്നു. |
| (ഡി) | ഇതിനായി ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ? | (ഡി) | നടപടിക്രമങ്ങൾ ലഘൂകരിച്ച് വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടർ 16/07/2013-ൽ കെ.ഡബ്ല്യൂ.എ./എച്ച്.ഒ./ആർ.എം.സി./ആർ1-1088/ 2013-ാം നമ്പറായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ